
# Athmaraksha.org

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## ഉലയുന്ന പ്രേമം, തകരുന്ന ജീവിതം - കടപ്പാട്: റവ.ഫാ.സേവ്യർ ഖാൻ വട്ടായിൽ

ജീവനോ മരണമോ തെരഞ്ഞെടുക്കുക




നിന്റെ ദൈവമായ കർത്താവിനെ സ്നേഹിച്ച് അവിടുത്തെ വാക്കുകേട്ട്, അവിടുത്തോടു ചേർന്നു നിൽക്കുക, നിനക്കു ജീവനും ദീർഘായുസ്സും ലഭിക്കും (നിയമവർത്തനം 30:20).

പ്രേമം , സ്നേഹം, എന്നിവയെപ്പറ്റി യുവജനങ്ങളുടെ ഇടയിൽ ഒത്തിരി തെറ്റിദ്ധാരണകൾ പരന്നിട്ടുണ്ട്. ഈ കാലഘട്ടത്തിന്റെ ജീവിതശൈലിയും രാഷ്ട്രനിയമങ്ങളും മാധ്യമങ്ങളുടെ സ്വാധീനവും വിദേശരാജ്യങ്ങളിലെ ഫ്രീ സെക്സും ഒക്കെ അതു വളർത്തുവാൻ സഹായകവുമായി. ശരിയായവ പഠിപ്പിക്കുന്നവരും വിരളം സ്നേഹവും പ്രേമവും തമ്മിലുള്ള വ്യത്യാസം എന്താണെന്നു നമുക്ക് പരിശോധിക്കാം.

### എന്താണ് പ്രേമം

ഒരാൾക്ക് എതിർലിംഗത്തിൽപ്പെട്ട മറ്റൊരാളോട് തോന്നുന്ന പ്രത്യേക ആകർഷണത്തിന് പ്രേമം എന്ന് പറയാം. സ്നേഹത്തെയും പ്രേമത്തെയും ഒന്നായി കാണുന്നവർ ഇന്ന് വിരളമല്ല. ഇംഗ്ലീഷ് ഡിക്ഷനറിയിൽ love എന്ന വാക്കിന് സ്നേഹം വാത്സല്യം എന്നൊക്കെയാണ് അർത്ഥം. ഇത് ഏറ്റവും വിശിഷ്ടമായതുമാണ്. ഇതിന്റെ അർത്ഥം ഏറ്റവും താഴേക്ക് വന്നാൽ പ്രേമം, രതി, ആസക്തി എന്നീ അവസ്ഥയിൽ എത്തി നിൽക്കുന്നു. എന്നാൽ മലയാളത്തിൽ സ്നേഹത്തിനും പ്രേമത്തിനും പ്രത്യേക അർത്ഥങ്ങളുണ്ട്. ഇംഗ്ലീഷിലെ Lust എന്ന പദം പ്രേമത്തിന് പറ്റിയതാണ്. കാമം, ഇന്ദ്രിയാസക്തി, വിഷയാസക്തി, വിഷയലമ്പടത്തം, ലൈംഗികവികാരോദ്ദീപനം എന്നൊക്കെയാണ് അർത്ഥം. ഇതിന് സ്നേഹത്തിന്റെ സ്ഥാനം കൊടുക്കാൻ പറ്റില്ല. സ്നേഹം അവസാനംവരെ നിലനിൽക്കും പ്രേമം ഇടയ്ക്ക്വച്ച് മുറിഞ്ഞുപോകും. അങ്ങനെയെങ്കിൽ പ്രേമത്തെപറ്റിയും (Lust) അതിന്റെ ദൂഷ്യഫലങ്ങളെപ്പറ്റിയും നമുക്ക് ചിന്തിക്കാം. ഭ്രമിപ്പിക്കുന്ന മോഹങ്ങൾ നിഷ്കളങ്ക ഹൃദയത്തെ വഴിതെറ്റിക്കുന്നു (ജ്ഞാനം 4:12).

### എന്തിനു പ്രേമിക്കുന്നു?

ഇപ്പോൾ പ്രേമിക്കുന്നവരോടും പണ്ട് പ്രേമിച്ച് ഇടവഴിയിൽവച്ച് പിരിഞ്ഞവരോടും നിങ്ങൾ ഈ ചോദ്യം ചോദിക്കുക. ഒരുതരം നിസംഗതയായിരിക്കും ഉത്തരം.

## പ്രേമം നല്ലതോ ചീത്തയോ?

ഇതിനെപ്പറ്റി സമൂഹത്തിന് പല ഉത്തരങ്ങളും കണ്ടേക്കാം. അനുഭവമല്ലേ ഏറ്റവും നല്ല ഗുരുനാഥൻ. ഇതിനുമുമ്പ് പ്രേമിച്ച് വിവാഹം കഴിഞ്ഞ ആരെങ്കിലും നിങ്ങളുടെ ഈ ചോദ്യം അവരോട് ചോദിക്കുക. പ്രേമം നല്ലതോ ചീത്തചയോ ഒരു പക്ഷേ അതേ അല്ല, എന്നീ ഉത്തരങ്ങൾ സന്ദർഭോചിതമായി നിങ്ങൾക്ക് ലഭിച്ചേക്കാം. അതേ എന്ന് ഉത്തരം കിട്ടിയാൽ രണ്ടാമത്തെ ചോദ്യം കൂടി ചോദിക്കുന്നതിൽ തെറ്റില്ലല്ലോ. നിങ്ങൾ പ്രേമിച്ച് വിവാഹം കഴിച്ചു. നിങ്ങളുടെ മക്കൾ പ്രേമിക്കുന്നതിൽ നിങ്ങൾ എതിരല്ലല്ലോ.. .. ഇവിടെ ഒരു വലിയ നിശബ്ദതയാണ് ഉത്തരമായി ലഭിച്ചതെങ്കിൽ വ്യക്തമായി ഒരു കാര്യ മനസ്സിലാക്കാം- പ്രേമം പരാജയമാണ് - ഒരു പക്ഷേ അവരുടെ ജീവിതവും പരാജയമാണ്. പ്രേമിച്ചവരാരും പ്രേമത്തെ പ്രോത്സാഹിപ്പിക്കുന്നില്ലെന്ന് മാത്രമല്ല, നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നുവെന്നത് യാഥാർത്ഥ്യമാണ്.

## മാറ്റാൻ പ്രയാസമുള്ള ദുശ്ശീലം

പലവിധ ദുശ്ശീലങ്ങളിൽ അടിമപ്പെട്ടവരെ പറ്റി നമുക്ക് അറിയാം. എന്നാൽ പ്രേമം തലയ്ക്കടിച്ചാൽ മറ്റ് ഏത് ദുശ്ശീലത്തേക്കാളും മാറ്റാൻ പ്രയാസമാണിത്. അതിന്റെ സൈന്റിഫിക്കായിട്ടുള്ള കാരണം ഇതാണ്, മനുഷ്യന്റെ തലച്ചോറിലെ കോർട്ടെക്സിലാണ് അവന്റെ ചിന്ത കുടികൊള്ളുന്നത്. എന്നാൽ പ്രേമത്തിന്റെ ഉറവിടം കുറെക്കൂടി പ്രാകൃതവും ആന്തരീകവുമാണ്. റെപ്റ്റീലിയൻ തലച്ചോറിലാണ് പ്രേമവികാരത്തിന്റെ ആസ്ഥാനം. അതുകൊണ്ടുതന്നെ ഏതു ദുശീലത്തേക്കാളും മാറ്റാൻ പ്രയാസമുള്ളതാണ് ഈ ദുശ്ശീലം. പ്രേമത്തിൽ നിന്ന് ആദ്യം പിൻതിരിയുന്നത് സ്ത്രീയോ പുരുഷനോ എന്ന് കൃത്യമായി പറയുക വിഷമമാണ്. വീട്ടുകാരുടെ എതിർപ്പോ, അതുപോലുള്ള സാഹചര്യങ്ങളോ വരുമ്പോൾ സ്ത്രീകളാണ് പലപ്പോഴും പിന്മാറികണ്ടിട്ടുള്ളത്. പ്രേമത്തിന്റെ ദുരവസ്ഥ ഓരോ പത്രമാധ്യമങ്ങളിൽ നിന്നും നാം വായിച്ചറിഞ്ഞിട്ടുള്ളതുമാണ്. പ്രേമം മരണത്തെപ്പോലെ ശക്തമാണ് (ഉത്തമഗീതം 8:6).




പത്രത്തിൽ വന്ന ഈ തലക്കെട്ടുകൾ സൂചിപ്പിക്കുന്നതെന്ത് പ്രേമം നല്ലതോ ചീത്തയോ നിങ്ങൾ തന്നെ ചിന്തിക്കുക.

## തകർന്ന ജീവിതങ്ങൾ

തമിഴ്നാട്ടിൽ ഒമ്പതാംക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടി ഒരു പയ്യനുമായി സ്നേഹത്തിലായി. അവസാനം അവൾ അത് ഉപേക്ഷിച്ചു. ഒരു ദിവസം അവൻ ഒരു കഠാരയുമായി വന്ന് ക്ലാസ്സിൽ വെച്ച് അവളെ കുത്തിക്കൊന്നു. ഇന്ന് ഇരുമ്പഴിക്കുള്ളിലാണ്.. . വിവാഹത്തലേന്ന് പെൺകുട്ടി അയൽപക്കത്ത് ഭാര്യയും മൂന്ന് കുട്ടികളുമുള്ള യുവാവിന്റെകൂടെ ഒളിച്ചോടി.. .. പ്രേമനൈരാശ്യം മൂലം പെൺകുട്ടി ഹോസ്റ്റലിന്റെ മുകളിൽ നിന്ന് താഴേക്ക് ചാടി ആത്മഹത്യ ചെയ്തു.. .. പ്രേമിച്ചവൾ തന്നെ ഉപേക്ഷിച്ച് മറ്റൊരു പുരുഷനെ വിവാഹം കഴിക്കാൻ ഉദ്ദേശിച്ചപ്പോൾ, അവൻ അവരുടെ കല്ല്യാണ പന്തലിൽ മനുഷ്യബോംബായി വന്ന് പൊട്ടിത്തെറിച്ചു.. .. മകൾ ഭാര്യയുടെ ജ്യേഷ്ഠത്തിയുടെ മകന്റെ കൂടോ

ഒളിച്ചോടി..... പ്രേമം നടിച്ച് ബ്ലൂഫിലിം പകർത്തിയ ഷോപ്പുടമ പിടിയിൽ.. .. വീട്ടുകാരുടെ എതിർപ്പുമൂലം കമിതാക്കൾ ആത്മഹത്യ ചെയ്തു....

## പ്രേമത്തിലേക്ക് നയിക്കുന്ന ഘടകങ്ങൾ

പ്രേമം ഉടലെടുക്കുന്നത് വൈകാരിക പ്രതികരണത്തിൽ നിന്നാണ്. പലപ്പോഴും ഒരു പുഞ്ചിരി, സ്പർശം, മുഖകാന്തി എന്നിവയാണ്. പ്രേമത്തിലേക്ക് നയിക്കുന്ന ആദ്യഘടകങ്ങൾ, പ്രേമത്തിൽ മുൻകൈ എടുക്കുന്നത് പുരുഷനാണെങ്കിലും ചില സന്ദർഭങ്ങളിൽ സ്ത്രീകളും ഇല്ലാതില്ല. പുരുഷനെ അതിലേക്ക് നയിക്കുന്നത് സ്ത്രീയുടെ ഏതെങ്കിലും ഗുണങ്ങളാവാം. അവളുടെ മുടി, കളർ, ചലനങ്ങൾ എന്നിവയൊക്കെ അവനെ ഉന്മത്തനാക്കുന്നു. പലപ്പോഴും പുരുഷന്റെ നോട്ടം ബാഹ്യസൗന്ദര്യത്തിലാണ്. സൗന്ദര്യം കുറഞ്ഞ സ്ത്രീകളോട് പ്രേമം ഉണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. ഓരോ യുവാവിന്റേയും സൗന്ദര്യവീക്ഷണം വ്യത്യസ്ഥമാണ്. അതുകൊണ്ടുതന്നെ കുടുംബത്തിൽ മറ്റാർക്കും ഈ പെൺകുട്ടിയെ ഇഷ്ടപ്പെട്ടില്ലെങ്കിലും അവനത് സ്വീകാര്യമായി തീരാം.. ഇവൻ എന്ത് കണ്ടിട്ടാ അവളെ പ്രേമിച്ചത്.. . എന്ന് നാം ചോദിച്ചാൽ സമൂഹത്തിൽ നിന്ന് അതിന് ഉത്തരം ഇല്ല.കാരണം ആ ഇഷ്ടം അവന്റെ സ്വന്തം ഇഷ്ടമാണ്.

പുരുഷനെ സംബന്ധിച്ചിടത്തോളം സ്ത്രീയുടെ ബാഹ്യസൗന്ദര്യത്തോടൊപ്പം അവന്റെ മനസ്സിൽ ഒറ്റ നോട്ടത്തിൽ സെക്സ് അപ്പീലായി തോന്നുന്ന പെൺകുട്ടിയോടാണ് കൂടുതൽ ആകർഷണം. അവളുടെ കണ്ണ്, മുടി, നിതംബം, നടത്തം, വടിവൊത്ത ശരീരം.. .. എന്നിവ പുരുഷനെ സ്ത്രീയിലേക്ക് അടുപ്പിക്കുന്നു. ചുരുക്കം ചിലർ ശാലീനതയും , സൽസ്വഭാവവും പ്രേമത്തിന് മാനദണ്ഡമാക്കുന്നു.

കൗമാര യൗവ്വനകാലഘട്ടത്തിൽ ഏതെങ്കിലും ഒരു പെൺകുട്ടി അവന്റെ മുഖത്ത് നോക്കി എനിക്ക് നിന്നെ ഇഷ്ടാമാണ് എന്ന് പറഞ്ഞാൽ നോ എന്ന് പറയാൻ അവൻ മടിക്കും. എന്നാൽ എത്ര സുന്ദരനാണെങ്കിലും സ്ത്രീ ചിലപ്പോൾ വേണ്ടാ എന്ന് പറയും. അതിന്റെ കാരണം സ്ത്രീ പുരുഷന്റെ ബാഹ്യസൗന്ദര്യം നോക്കി അല്ല പ്രേമിക്കുന്നത് എന്നുള്ളതാണ്. അവളുടെ മനസ്സിൽ ഒരു മാതൃകാ പുരുഷൻ പണ്ടെന്നോ പതിഞ്ഞിട്ടുണ്ട്. ഈ മാതൃകാ സാഹചര്യത്തിൽ പരിചയപ്പെട്ട വ്യക്തിയോ ആകാം. അയാളുടെ ആദർശനിഷ്ഠ, ജീവിത വീക്ഷണം കഴിവ് കുലീനത എന്നിവയൊക്കെ അവൾ ഇഷ്ടപ്പെട്ടിരുന്നു. ഇതിനോട് സാമ്യമുള്ള ഒരു പുരുഷനെ കണ്ടാൽ അയ്യാളോട് അടുക്കുവാനുള്ള ആഗ്രഹം പെൺകുട്ടിയിൽ മുളയെടുക്കുകയും അത് പ്രേമത്തിൽ ചെന്ന് എത്തുകയുമാണ് പതിവ്. കൂടാതെ അവന്റെ മൊത്തത്തിലുള്ള ബാഹ്യസൗന്ദര്യം നെഞ്ച്‌വിരിവ് ഉയരം, ആകർഷകമായ സംസാരം എന്നിവയേയും പ്രേമത്തിന്റെ മാറ്റ് കൂട്ടുന്നു.

## ലൈംഗികതയുടെ നിഴലാട്ടം

ലൈംഗികതയുടെ നിഴലാട്ടമില്ലാത്ത പ്രേമം അപൂർവ്വമാണ്. മാനസികമായി കാമുകൻ കാമുകിയെ ഒന്ന സ്പർശിക്കാൻ, ചുംബിക്കാൻ, മുടിയിൽ കൂടി വിരൽ ഓടിക്കാൻ കൈയ്യിൽ ഒന്ന് പിടിക്കാൻ ആഗ്രഹിക്കുന്നു. സ്ത്രീയാകട്ടെ മടിയിലൊന്ന് തലചായ്ക്കാൻ, ചുണ്ടിലൊരു ചുംബനം ലഭിക്കാൻ ഉള്ളംകാൽ മുതൽ നിറുകം തലവരെ ഒന്ന് തലോടാൻ ഉള്ളിന്റെ ഉള്ളിൽ കൊതിക്കുന്നു.അനുകൂലമായ സാഹചര്യത്തിലെത്തുമ്പോൾ മറ്റാരും കാണാതെ അവിടെ ഉണ്ടായ ആദ്യസ്പർശനവും, ചുംബനവും അശ്ലേഷവും കമിതാക്കളെ ഒരു തരം ഉന്മാദാവവസ്ഥയിലെത്തുന്നു. ഈ ചാപല്യങ്ങൾക്ക് പെട്ടെന്ന് നിയന്ത്രണം വിടുകയും അവസാനം സംയോഗത്തിൽ എത്തിച്ചേരുകയുമാണ് പതിവ്. അവയുടെ അവസാനം ഇതാണ് സംഭവിക്കുക. താൻ കുഴിച്ചകുഴിയിൽ താൻ തന്നെ വീഴും (സുഭാഷിതം 26:27).

ഇതിന്റെ പിന്നിൽ ഒരു മനശാസ്ത്ര വശംകൂടി ഉണ്ട്. പുരുഷൻ വിഷ്വൽ ആണ്. അതിനാൽ തന്നെ കാണാനും തൊടാനും അവൻ വെമ്പൽ കൊള്ളും. ലൈംഗിക സ്നേഹത്തിൽ അവൻ സ്വാർത്ഥനാണ് താനും. പുരുഷന്റെ ലൈംഗിക ഉത്തേജനത്തിൽ ഇന്ദ്രിയ നിഗ്രഹണത്തിനാണ് പ്രാധാന്യം. പുരുഷന്റെ അടിസ്ഥാന ആവശ്യം ശാരീരികമാകയാൽ സെക്സിന് വളരെ പ്രാധാന്യമുണ്ട്. അവന്റെ ലൈംഗികത അവയവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

സ്ത്രീ എപ്പോഴും ഓറൽ ആണ്. അതുകൊണ്ട് സ്നേഹത്തിൽ നിന്ന് ഉരുത്തിരിയുന്ന ലൈംഗികവേഴ്ചയാണ് അവൾ ഇഷ്ടപ്പെടുന്നത്. അവളുടെ ലൈംഗികത ശാരീരികം എന്നതുപോലെ വൈകാരികമായും

ആദ്ധ്യാത്മികമായും പൊരുത്തപ്പെട്ടുകിടക്കുന്നു. അതുകൊണ്ട് വിവാഹം കഴിച്ച് സ്ത്രീയോ , കാമുകിയോ ആരുമായികൊള്ളട്ടെ തന്റെ പ്രിയതമനോട് ഇടയ്ക്കിടയ്ക്ക് ചോദിക്കും നിനക്ക് എന്നെ ഇഷ്ടമാണോ? നീ എന്നെ സ്നേഹിക്കുന്നുണ്ടോ? നീ എന്നെ ഉപേക്ഷിക്കുമോ?. ഈ ചോദ്യങ്ങൾക്ക് തന്റെ പ്രിയനിൽ നിന്ന് താൻ ആഗ്രഹിച്ച വിധമുള്ള ഒരു ഉത്തരം കിട്ടണമെന്ന് അവൾ ആഗ്രഹിക്കുന്നു. അത് ഒന്നിലധികം പ്രാവശ്യം കേൾക്കണം. എത്ര കേട്ടാലും മതിവരില്ല. ഇപ്രകാരമുള്ള സ്നേഹസ്പർശം അവളെ വികാര തരളിതയാക്കുകയും, പ്രിയനുമായി ലൈംഗികവേഴ്ചയെ എതിർക്കാൻ പറ്റാത്ത വിധമുള്ള മാനസിക അവസ്ഥയിലേക്ക് അവൾ എത്തുകയുമാണ് ചെയ്യുന്നത്. 1973 ൽ നടന്ന ഒരു സർവ്വേപ്രകാരം 13 നും 17 നും ഇടയ്ക്ക് പ്രായമുള്ള 44 %ആൺകുട്ടികളും, 30 %പെൺകുട്ടികളും 16 വയസ്സിനുമുമ്പ് ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നു. ഈ വീഴ്ചയ്ക്ക് പ്രേമത്തിന് വലിയ പങ്കുണ്ട്.

അവർ തങ്ങളുടെ ജീവിതമോ വിവാഹമോ പാവനമായി സൂക്ഷിക്കുന്നില്ല. പകരം അവർ പരസ്പരം ചതിയിൽ വധിക്കുകയോ വ്യഭ്യചാരത്താൽ ദുഖിപ്പിക്കുകയോ ചെയ്യുന്നു. രക്തച്ചൊരിച്ചിൽ, കൊല, മോഷണം, ചതി, അഴിമതി, അവിശ്വസ്ഥത , കലാപം, സത്യലംഘനം, ശരിയേതെന്നുള്ള ആശയകുഴപ്പം, കൃതഘ്നത, ദൂഷണം, ലൈംഗിക വൈകൃതം, വിവാഹത്തകർച്ച, വ്യഭിചാരം, വിഷയാസക്തി, ഇവ നടമാടുന്നു. പേരു പറയാൻ കൊള്ളാത്ത വിഗ്രഹങ്ങളുടെ ആരാധനയാണ് എല്ലാ തിൻമകളുടേയും ആരംഭവും കാരണവും അവസാനവും, അവയെ ആരാധിക്കുന്നവർ മദോൻമത്തരാവുകയും നുണകൾ പ്രവചിക്കുകയും നീതികേടായി ജീവിക്കുകയും കൂസലെന്നിയേ സത്യം ലംഘിക്കുകയും ചെയ്യുന്നു (ജ്ഞാനം 14:24-28).

ജഡിക തകർച്ച

ചാരിത്ര്യശുദ്ധി അഥവാ ലൈംഗികവിശുദ്ധി മനുഷ്യന്റെ ശരീരത്തെ പോലെതന്നെ മനസ്സിനെയും ആശ്രയിച്ച നിൽക്കുന്നു. അതിനാൽ ആദ്യ സംയോഗം ശരീരത്തെയും, മനസ്സിനെയും ഒരു പ്രാവശ്യം അശുദ്ധമാക്കി എന്നത് മാത്രമല്ല ഇവിടെ സംഭവിച്ചത്, മറിച്ച് ഒരിക്കൽ ചെയ്ത തെറ്റ് വീണ്ടും ആവർത്തിക്കാനുള്ള പ്രേരണ നൽകി ശരീര - മനസ്സുകളെ ചണ്ടികളത്തിലേക്ക് തള്ളിയിടുകയാണ് ഇതിലൂടെ ചെയ്തത്. ഈ ദുരവസ്ഥ സ്വയംഭോഗത്തിലേക്കും ഒരു പക്ഷേ മൃഗത്തേക്കാളും അധപതിക്കുന്ന അവസ്ഥയിലേക്ക് നിങ്ങളെ നയിച്ചെന്നു വരാം. അവസാനം കുറെ കുറ്റബോധവും, നിരാശയും മാത്രം ഫലം, ഇവിടെ സംഭവിച്ചത് ഇതാണ്. അവർ തിന്മയെ ഗർഭംധരിച്ച് അനീതിയെ പ്രസവിക്കുന്നു (ഏശയ്യ 59:4).

പ്രേമത്തിന് അടിമയായ പെൺകുട്ടി കാമുകൻ പറയുന്നത് അതേപടി അനുസരിക്കുന്നു. താൻ എതിർത്താൽ സ്നേഹം നഷ്ടപ്പെടും. അവൻ എന്നെ ഉപേക്ഷിക്കും,. എന്നൊക്കെ അവൾ ചിന്തിക്കുന്നു. ഈ ചിന്ത അവന്റെ എല്ലാ ഇഷ്ടത്തിനും നിന്നുകൊടുക്കാൻ പെൺകുട്ടിയെ പ്രേരിപ്പിക്കുന്നു. ഇങ്ങനെയുള്ള ഇഷ്ടം പലപ്പോഴും എല്ലാ സദാചാരങ്ങളെയും മറിടകടന്ന് ചാരിത്ര്യം നഷ്ടപ്പെടുന്ന അവസ്ഥവരെ എത്തുന്നു. കമിതാക്കൾക്ക് എപ്പോഴും നിയന്ത്രണം കിട്ടണമെന്നില്ല.

എല്ലാം നഷ്ടമായതിന്റെ കുറ്റബോധം ഒരു വശത്ത്. ഇതിനിടയിൽ സംയോഗം ഗർഭധാരണത്തിലെത്തിയതു വഴി ഉണ്ടായ ധാർമ്മികവും, മാനസികവും, വൈകാരികവുമായ പ്രത്യാഘാതങ്ങൾ മറുവശത്ത്.. .. പ്രേമത്തിൽ കുടുങ്ങി സംയോഗത്തിൽ അവസാനിപ്പിച്ച് വേർപിരിഞ്ഞവർ, അവിഹിതബന്ധത്തിലെ കുഞ്ഞിനെ പ്രസവിച്ചവർ, ചൂഷണത്തിന് ഇരയായവർ, സെക്സ് റാക്കറ്റിൽ കുടുങ്ങിയവർ, മൊബൈലിൽ നഗ്നചിത്രം പകർത്തപ്പെട്ടവർ.. .. എത്രയെത്ര തകർന്ന ജീവിതങ്ങളാണ് കഴിഞ്ഞകാലശുശ്രൂഷാ ജീവിതത്തിനിടയിൽ കണ്ടെത്താനായത്. പലതിന്റേയും തുടക്കം ഒരു സ്പർശനത്തിലും ഒരു ചിരിയിലും ആയിരുന്നു. നീ നടക്കുന്ന വഴികൾ ഉത്തമമെന്ന് ഉറപ്പിക്കുക; അപ്പോൾ അവ സുരക്ഷിതമായിരിക്കും. വലത്തോട്ടോ ഇടത്തോട്ടോ വ്യതിചലിക്കരുത്; തിൻമയിൽ കാലൂന്നുകയും അരുത് (സുഭാഷിതങ്ങൾ 4:26-27).

ക്യാമ്പസ് പ്രണയം

ക്യാമ്പസ് പ്രണയം ഒരു കെണിയാണ് . കരിമരുന്നിന് തീപിടിക്കുന്ന അവസ്ഥ എന്നാണല്ലോ കൗമാരത്തെ വിശേഷിക്കുന്നത്. ആൺകുട്ടികൾ മാതാപിതാക്കളിൽ നിന്ന് അകലാൻ ശ്രമിക്കുന്ന കാലം. ഈ പ്രായത്തിൽ ധാർമ്മികത എന്നൊക്കെയുള്ളത് പഴഞ്ചൻ ആശയമായി മാറുന്നു. സഹപാഠികളുടെ

വാക്കുകൾക്ക് കൂടുതൽ വിലകൽപിക്കുന്ന കാലം എല്ലാം ഒന്ന് രുചിച്ച് നോക്കണം എന്നുള്ള ആഗ്രഹവും. പെൺകുട്ടികളാകട്ടെ സ്വന്തമായി ഒരു ഗ്രൂപ്പിനെ ഫോം ചെയ്യുന്ന കാലം.പെറ്റമ്മയോട് അധികം മമത തോന്നാത്ത ദിനങ്ങൾ. സ്ത്രീത്വത്തിന്റെ ലക്ഷണം ആരംഭിച്ചതോടെ അമ്മയെപ്പോലെ ഒരുവളാണ് താനും എന്ന ചിന്ത, തന്റെ ആശയങ്ങളോടും, ചാപല്യങ്ങളോടും പൊരുത്തപ്പെടുന്ന ഒരു ഗണത്തിലേക്ക് അവളും ചേക്കേറുന്നു.

ശാരീരികമായും മാനസികമായും വളരെയധികം പിരിമുറുക്കം അനുഭവപ്പെടുന്ന നാളുകളാണിത്. ആൺകുട്ടികൾ പലതും തൊട്ട് നോക്കാനും, രുചിച്ച് നോക്കാനും ശ്രമിക്കുന്നു. അങ്ങനെ ഒക്കെ ഇല്ലെങ്കിൽ ക്യാമ്പസിൽ എന്തോ ഒരു കുറവ് അവന് അനുഭവപ്പെടുന്നു. പെൺകുട്ടികളാകട്ടെ ഈ പ്രായത്തിൽ തൊട്ടാൽ ഒട്ടുന്ന പ്രകൃതവും. തൊട്ടാൽ ഒട്ടുന്നതും രുചിച്ചുനോക്കാൻ വെമ്പൽകൊള്ളുന്നതുമായ രണ്ട് യുവത്വങ്ങൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ പ്രേമത്തിലേക്കുള്ള ചായ്‌വ് ആരംഭിച്ചു. അടുപ്പമാണ് പ്രേമം വളരാൻ സഹായിക്കുന്ന ഒരു പ്രധാനഘടകം. വിനോദയാത്ര, ബസ്സ് സ്റ്റോപ്പിലെ കാത്തുനിൽപ്പ്. ട്രെയിനിലെ ഒരു സീറ്റിൽ ഇരുന്ന് തട്ടിയും മുട്ടിയുമുള്ള യാത്ര ഒരു ക്യാബിനിൽ അടുത്തടുത്തിരുന്നുള്ള ജോലി, എന്നും കുറെ സമയം ഒന്നിച്ച് കാണാനുള്ള അവസരം, എസ്‌ക്രീം പാർലറിലെ രുചിഭേദങ്ങൾ എന്നിവയെല്ലാം മനസ്സിൽ പ്രേമം അങ്കുരിക്കാൻ ഇടയാക്കുന്ന ഘടകങ്ങളാണ്.

ഇങ്ങനെ പോകുന്ന നാളിൽ ഏതെങ്കിലും ഒരു ദിവസം അവനിൽ (അവളിൽ) നിന്നും I Love you എന്ന് കേൾക്കുമ്പോൾ അവൾ വികാരതരളിതയാകുന്നു. താൻ കേട്ടത് സത്യമാണെന്ന് വിശ്വസിക്കാൻ പോലും പറ്റാത്ത അവസ്ഥ. ക്യാമ്പസിൽ തന്നെയും സ്നേഹിക്കുന്നവരുണ്ട് എന്ന ചിന്ത അവളുടെ സന്തോഷം വർദ്ധിപ്പിക്കുന്നു. അതിനിടയിൽ വന്ന ഫോൺകോളും കിട്ടിയ കുറിപ്പടയും പരസ്പരമുള്ള അകലം കുറച്ചു. വേദപുസ്തകത്തിൽ ഇപ്രകാരമുള്ളവരെപ്പറ്റി ഇങ്ങനെ നാം വായിക്കുന്നു.

ഞാൻ വീടിന്റെ ജനാലയ്ക്കൽ നിന്ന് വിരിക്കിടയിലൂടെ വെളിയിലേക്കു നോക്കി. ബുദ്ധിഹീനരായ യുവാക്കളുടെ കൂട്ടത്തിൽ, ബുദ്ധിശൂന്യനായ ഒരുവനെ ഞാൻ കണ്ടു. അവൻ വഴിക്കോണിൽ അന്തിമിനുക്കത്തിൽ രാത്രിയുടെ ഇരുളിന്റെയും മറവിൽ അവളുടെ വീട്ടിലേക്കുള്ള വഴിയിലൂടെ നീങ്ങിക്കൊണ്ടിരുന്നു. അപ്പോൾ കുടിലഹൃദയയായാ അവൾ വേശ്യയെപ്പോലെ ഉടുത്തൊരുങ്ങി അവനെതിരെ വന്നു. അവൾ ഉച്ചത്തിൽ സംസാരിക്കുന്നവളും തന്നിഷ്ടക്കാരിയുമാണ്. അവൾ വീട്ടിൽ ഉറച്ചിരിക്കാറില്ല. തെരുവിലും ഓരോ മൂലയിലും മാറിമാറി അവൾ കാത്തിരിക്കുന്നു. അവൾ അവനെ പിടികൂടി ചുംബിക്കുന്നു, നിർജ്ജലമായ മുഖഭാവത്തോടെ അവൾ അവനോടു പറയുന്നു. എനിക്കു ബലികൾ സമർപ്പിക്കാനുണ്ടായിരുന്നു. ഇന്നു ഞാൻ എന്റെ വ്രതങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. തൻമൂലം ഇപ്പോൾ ഞാൻ നിന്നെ കണ്ടുമുട്ടാനായി, ആകാംക്ഷാപൂർവ്വം അന്വേഷിച്ചിറങ്ങിയിരിക്കുകയാണ്. ഞാൻ നിന്നെ കണ്ടെത്തുകയും ചെയ്തു. ഞാൻ എന്റെ തൽപം വിരികൾ കൊണ്ടും ഈജിപ്തിലെ വർണപകിട്ടാർന്ന പട്ടുകൊണ്ടും അലങ്കരിച്ചിരിക്കുന്നു. ഞാൻ മീറ, അകിൽ കറുവാപ്പട്ട എന്നിവയാൽ എന്റെ കിടക്ക സുരഭിലമാക്കിയിരിക്കുന്നു. പ്രഭാദമാകുന്നതുവരെ നമുക്ക് കൊതിതീരെ സ്നേഹം നുകരാം, നമുക്കു സ്നേഹത്തിൽ ആറാടാം. എന്തെന്നാൽ, എന്റെ ഭർത്താവ് വീട്ടിലില്ല, അവൻ ദീർഘയാത്ര പോയിരിക്കുന്നു. സഞ്ചിനിറയെ പണവും കൊണ്ടുപോയിട്ടുണ്ട്. വെളുത്തവാവിനേ തിരിച്ചെത്തൂ. ഒട്ടേറെ ചാടുവാക്കുകൾകൊണ്ടു അവൾ അവനെ പ്രേരിപ്പിക്കുന്നു, മധുരമൊഴിയാൽ അവൾ അവനെ നിർബന്ധിക്കുന്നു. കശാപ്പുശാലയിലേക്കുകാള പോകുന്നതുപോലെ ഉടലിനുള്ളിൽ അമ്പു തുളഞ്ഞു കയറത്തക്കവിധം കലമാൻ കുരുക്കിൽപ്പെടുന്നതുപോലെ, പക്ഷി കെണിയിലേക്കു പറന്നുചെല്ലുന്നതുപോലെ, പെട്ടെന്ന് അവൻ അവളെ അനുഗമിക്കുന്നു. ജീവനാണ് തനിക്കു നഷ്ടപ്പെടാൻ പോകുന്നത് അവൻ അറിയുന്നതേയില്ല (സുഭാഷിതങ്ങൾ 7:6-23).

പ്രേമം വളർന്നു. ഇന്ന് ഭയവും നാണവും മാറി. ഇപ്പോൾ പഠിക്കാൻ ഇരുന്നാൽ കമിതാക്കവിന്റെ രൂപമാണ് മനസ്സിൽ പ്രാർത്ഥിക്കാൻ ഇരിക്കുമ്പോൾ നഗ്നരൂപങ്ങൾ ഓടിയെത്തുന്നു. കിടക്കുമ്പോൾ അടുത്തദിവസങ്ങളിൽ പ്രിയനിൽ (പ്രിയതമ) നിന്നും കിട്ടിയ സ്പർശനം വികാരേത്ത രണിതയാക്കുന്നു. പ്രേമബന്ധത്തിൽ കുടുങ്ങി പഠനം ഉപേക്ഷിച്ചവരും, പരീക്ഷ എഴുതാതെ ഭാവി നശിപ്പിച്ചവരും റാങ്കിന്റെ അടുത്ത് മാർക്ക് കിട്ടുമായിരുന്നിട്ടും മിനിമം കൊണ്ട് തൃപ്തിപ്പെട്ടവരുമായ നൂറുകണക്കിന് യുവതീയുവാക്കളെ സെഹിയോനിലെ ധ്യാനവസരത്തിൽ കണ്ടെത്തുകയുണ്ടായി.

മനസ്സ് തകർന്ന് മാനസിക നില തെറ്റിയവരും. സൈക്യാട്രി ചികിത്സയിലേക്ക് പോയവരും നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. ഈ കമിതാക്കളെപ്പറ്റി ബൈബിൾ ഇപ്രകാരം പറയുന്നു. ഈജിപ്തിനെയാണ് നീ ഇപ്പോൾ ആശ്രയിക്കുന്നത് ഊന്നി നടക്കുന്നവന്റെ ഉള്ളങ്കൈയിൽ തുളഞ്ഞു കയറുന്ന പൊട്ടിയ ഓടത്തണ്ടിനു തുല്യമാണ് (ഏശയ്യ 36:6). അതിനാൽ കുട്ടികളേ, പഠിക്കുന്ന നാളുകളിൽ നന്നായി പഠിക്കുക. അത് പ്രേമിക്കാനുള്ള സമയമല്ല. സഭയ്ക്കും സമൂഹത്തിനും നന്മ ചെയ്യാൻ തക്കവിധമുള്ള ഒരു ജോലിയിൽ പ്രവേശിക്കുക. അതിനുശേഷമാകാം വിവാഹചിന്തകൾ. ദൈവമായ കർത്താവ് അരുളിചെയ്തു.

ഈ വിധം പരീക്ഷിക്ക്പ്പെട്ട് കുറ്റമറ്റവനായി കാണപ്പെട്ടവൻ ആരുണ്ട് ?അവന് അഭിമാനിക്കാൻ അവകാശമുണ്ട്.പാപം ചെയ്യാൻ കഴിവുണ്ടായിട്ടും അതു ചെയ്യാത്തവനും തിൻമപ്രവർത്തിക്കാൻ സാധ്യതയുണ്ടായിട്ടും അതു ചെയ്യാത്തവനും ആരുണ്ട് അവന്റെ ഐശ്വര്യം സ്ഥിരമായിരിക്കും, ,മൂഹം അവന്റെ ഔദാര്യത്തെ പുകഴ്ത്തുകയും ചെയ്യും (പ്രഭാഷകൻ 31:10-11). അതിനാൽ പ്രിയ യുവാവേ, യുവതീ, പഠിക്കുന്ന കാലത്ത് പഠനം പ്രധാനവിഷയമായി എടുത്താൽ ജീവിതത്തിൽ ഒരു പരിധിവരെ വിജയിക്കാം. പ്രേമം മെയിൻ ആയി എടുത്താൽ സൈക്യാട്രി ട്രീറ്റ്മെന്റിലോ, ആത്മഹത്യയിലോ ചെന്ന് ചേരാം. ആലോചന കൂടാതെ ഒന്നും പ്രവർത്തിക്കരുത്. പശ്ചാത്തപിക്കാൻ ഇടയാവുകയില്ല (പ്രഭാഷകൻ 32:19).

### കാമത്തിന് കണ്ണില്ല പ്രേമത്തിന് വിവേകം ഇല്ല

പലപ്പോഴും പ്രേമ വിവാഹങ്ങൽക്ക് വീട്ടുകാരുടെ സമ്മതം കിട്ടുക പ്രയാസമാണ്. പെൺകുട്ടിയുടെ അപ്പനോ, ആങ്ങളയോ ഈ ബന്ധത്തെ എതിർക്കുമ്പോൾ അവന് ഉറക്കം നഷ്ടപ്പെടുന്നു. അവൻ മനോരോഗിയെപ്പോലെ പെരുമാറാൻ തുടങ്ങുന്നു. പുരുഷനാണ് പെട്ടെന്ന് പ്രേമത്തിലാകുന്നത്. പ്രേമനൈരാശ്യം മൂലം ജീവിതം അവസാനിപ്പിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നതും പുരുഷൻ തന്നെ.

പ്രേമത്തിൽ നിന്ന് വേഗം പിരിയുന്നത് സ്ത്രീകളാണ്. മാതാപിതാക്കളുടെ നിർബന്ധം കൊണ്ടോ, ഇപ്പോൾ ഉള്ളതിനേക്കാൾ മെച്ചപ്പെട്ട ഒരു വ്യക്തിയെ കിട്ടുകയോ ചെയ്താൽ നിലവിലുള്ളബന്ധം ഉപേക്ഷിക്കാൻ ചില പെൺകുട്ടികൾക്ക് സാധിക്കും. എന്നാൽ ചില സന്ദർഭത്തിൽ (സംയോഗം വരെ എത്തിയ ബന്ധം) പ്രേമത്തിൽ നിന്ന് സ്ത്രീക്ക് പെട്ടെന്ന് പിന്മാറാൻ പറ്റില്ല. അതുകൊണ്ട് തന്നെ മാതാപിതാക്കളും ബന്ധുക്കളും എതിർത്താലും അവരെ അവഗണിച്ച് ഞാൻ അവനെ മാത്രമെ വിവാഹം കഴിക്കു എന്ന് പറഞ്ഞ് ഇറങ്ങുന്നത്.

പ്രേമം തലയിൽ കയറിക്കഴിയുമ്പോൾ ഇത്രയുംകാലം പോറ്റി വളർത്തിയ മാതാപിതാക്കളെ ഒരു നിമിഷനേരം കൊണ്ട് തള്ളിപറയുന്ന അവസ്ഥ. തന്റെ തീരുമാനത്തിന്റെ മുമ്പിൽ മാതാപിതാക്കളുടെ കണ്ണുനീരിന് വില ഇല്ലാത്ത് അവസ്ഥ. കുടുംബത്തിൽ ഇനി വിവാഹം കഴിക്കാൻ ഉള്ളവരെപ്പറ്റി ഇവർക്ക് ഒരു ചിന്തപോലും ഇല്ല. ആത്മീയ പോഷണം നൽകി വളർത്തിയ സഭയേയും മതത്തേയും ഉപേക്ഷിച്ച് മറ്റൊരു ബന്ധത്തിലേക്ക് പോകുന്നത് വിവേകം ഇല്ലായ്മ കൊണ്ടാണ്. എല്ലാം അവന് (അവൾക്ക്) അന്യമായിത്തീരുന്നു. കുട്ടികളെ ഇത് നിങ്ങൾക്ക് ഭൂഷണമാണോ? എല്ലാവരേയും ധിക്കരിച്ച് നീ എങ്ങോട്ടാണ് യാത്ര?. ശരിയായി തോന്നിയ വഴി മരണത്തിലേക്ക് നയിക്കുന്നതാവാം (സുഭാഷിതം 16.25).

### പ്രേമത്തിന്റെ പരിണിതഫലങ്ങൾ

പ്രേമത്തിലേക്ക് വഴുതിവീഴുന്ന പെൺകുട്ടി, തന്റേടിയും, എതിര് പറയുന്നവളും, ആർക്കും മനസ്സിലാക്കാൻ പറ്റാത്ത് മനസ്സിന്റെ ഉടമയുമായി മാറുന്നു. ആൺകുട്ടിയാകട്ടെ വിഷാദരോഗിയും പരിഭ്രാന്തി നിറഞ്ഞവനുമാകുന്നു. പ്രേമബന്ധങ്ങളിൽ അധികവും കൊഴിഞ്ഞു വീഴുകയാണ് പതിവ്. ചുരുക്കം ചിലത് വിവാഹത്തിൽ എത്തുന്നു. വിവാഹം കഴിഞ്ഞാൽ പലപ്പോഴും പ്രശ്നങ്ങൾ ആരംഭിക്കുകയായി. എല്ലാം തുറന്നു പറഞ്ഞു പരസ്പരം മനസ്സിലാക്കിയാണ് വിവാഹം കഴിക്കുന്നതെന്ന് അവർ പറഞ്ഞാലും തന്റെ ജീവിത പങ്കാളി ഒരു മുഖം മൂടി ധരിച്ചിരുന്നുവെന്ന് വൈകിയാണെങ്കിലും മനസ്സിലാകും. തന്റെ കുടുംബചിത്രം അവതരിപ്പിച്ചതിലും, പ്രായം പറഞ്ഞതിലും. സാമ്പത്തിക ഭദ്രതയെപറ്റി പറഞ്ഞതും കള്ളത്തരമാണെന്ന് അധികം വൈകാതെ മനസ്സിലാകും.

അമിതവിധേയത്വമാണ് മറ്റൊരു പ്രശ്നം. പെൺകുട്ടി അവന്റെ അപ്പനേയും അമ്മയേയും സഹോദരങ്ങളേയും തള്ളിപറയാൻ തുടങ്ങുന്നു. മര്യാദയ്ക്ക് പഠിച്ചുനടന്നിരുന്ന എന്നെ മോഹന വാക്കുകൾ പറഞ്ഞ് മയക്കി എന്നും പറഞ്ഞ് അവൾ വാചാലയാകും. അവനാകട്ടെ അവളുടെ വീട്ടിൽ നിന്നും പൊന്നും പണവും തന്നില്ലായെന്നും ബന്ധുക്കളിൽ ആരോ ഏതോ സാഹചര്യത്തിൽ പറഞ്ഞ ചില വാക്കുകളും എടുത്തു പറഞ്ഞ് അവളെ എന്നും കുറ്റപ്പെടുത്താൻ തുടങ്ങും.

ഭാര്യാഭർത്തൃ ബന്ധത്തിലും വിള്ളലുകൾ അനുഭവപ്പെടാം. വിവാഹത്തിനു മുമ്പ് ഒരു സ്പർശനം ഉന്മാദത്തിലേക്ക് നയിച്ചെങ്കിൽ വിവാഹശേഷം ഒന്നിനും പുതുമയും, തൃപ്തിയും ഇല്ലാത്ത അവസ്ഥ. വിവാഹ ജീവിതത്തിന്റെ ആദ്യനാളിലെ ഈ തൃപ്തിക്കുറവ് കുടുംബ ജീവിതത്തെ തകർക്കും. പണ്ട്, കണ്ട് സംസാരിച്ചാൽ മതിവരാഞ്ഞിട്ട് ഫോണിലൂടെയും മണിക്കൂറുകൾ സംസാരിക്കുമായിരുന്നു. ഇന്ന് അടുത്തിരുന്നാലും ഒന്നും സംസാരിക്കാൻ ഇല്ലാത്ത അവസ്ഥ. വിവാഹാനന്തരം കുട്ടികൾ ജനിക്കാതിരുന്നാലും പ്രശ്നങ്ങൾ ഉടലെടുക്കും. ഒരു പക്ഷേ ശാരീരിക വൈകല്യമോ, ചില രോഗമോ, നിമിത്തം (വിവാഹശേഷമായിരിക്കാം ഇത് അറിയുന്നത്) കുട്ടികൾ ഉണ്ടാകാതെ മറച്ചുവെച്ചു എന്ന് ജീവിതപങ്കാളി പറഞ്ഞേക്കാം. വീട്ടുകാരും അങ്ങനെതന്നെ ചെയ്തേക്കാം.

ഇനിയും , രണ്ട് മതവിഭാഗത്തിൽ പെട്ടവരാണ് വിവാഹ ജീവിതത്തിലേക്ക് പ്രവേശിച്ചതെങ്കിൽ അവിടെയും പ്രശ്നങ്ങൾ ഉടലെടുക്കും. ഒന്നെങ്കിൽ ദൈവത്തെ മറന്ന് ജീവിക്കണം അല്ലെങ്കിൽ സ്വന്തം മതവിശ്വാസം ഉപേക്ഷിച്ച് മറ്റേ ആളുകളുടെ കൂടെ ചേരണം. നീ ഒരു ക്രിസ്തീയ പൈതലാണെങ്കിൽ യേശുവിനെ ഉപേക്ഷിച്ച് അമ്പലത്തിലോ, മോസ്ക്കിലോ പോയി നിനക്ക് പ്രാർത്ഥിക്കാൻ പറ്റുമോ ?ഈ അടുത്തനാളിൽ ഒരു ഹൈന്ദവ പുരുഷനെ വിവാഹം കഴിച്ച കത്തോലിക്കാ പെൺകുട്ടി എന്നോട് പറഞ്ഞു. ഞാൻ അമ്പലത്തിൽ പോയി ഗണപതിയെ തൊഴുമ്പോൾ അവിടെ യേശുക്രിസ്തു മനസ്സിൽ ഓർക്കും. ഇവിടെ ഒരു കാര്യം മനസ്സിലാക്കണം. നിന്റെ ഇഷ്ടത്തിനൊത്ത് തുള്ളുന്നവനല്ല ദൈവം. ബോധപൂർവ്വം പാപത്തിൽ തുടരുന്ന നിന്റെ അടുക്കലേക്ക് ദൈവം വരുമെന്നോ?. ദൈവത്തിന്റെ കരുണയെ നീ നിസ്സാരമാക്കുന്നുവോ?. ഇങ്ങനെയുള്ളവരെപ്പറ്റി പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നു:-

ഞാൻ വിളിച്ചപ്പോൾ അവർ കേട്ടില്ല. അതുപോലെ അവർ വിളിക്കുമ്പോൾ ഞാൻ കേൾക്കുകയില്ല (സഖറിയാ 7:13). വഞ്ചന ചെയ്യുന്ന ഒരുവനും എന്റെഭവനത്തിൽ വസിക്കുകയില്ല (സങ്കീ 101:7). ഇവരുടെ ദാമ്പത്യ ജീവിതത്തിൽ കുട്ടികൾ ജനിച്ചാൽ വീണ്ടും പ്രശ്നങ്ങളായി. ഏത് മതവിശ്വാസത്തിൽ വളർത്തും? ചെറുപ്പം മുതൽ കുർബാനയും, ജപമാലയും നൊവേനയുമായി നടന്ന നീ എല്ലാം ഉപേക്ഷിച്ച് രണ്ട് തോണിയിൽ യാത്ര ചെയ്താൽ, ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് നാളെ ഞങ്ങൾക്ക്, മതം ഇല്ല എന്നൊരു കോളം അപേക്ഷാഫോറങ്ങളിൽ വന്നാൽ ആദ്യം ചാടിവീഴുന്നത് നിന്റെ മക്കളായിരിക്കും. ഈ നിയമം നമ്മുടെ നാട്ടിൽ വരാൻ ഇനി അധികനാൾ കാത്തിരിക്കേണ്ടി വരില്ല. സാത്താൻ അവന്റെ വിളയാട്ടം ആരംഭിച്ചു കഴിഞ്ഞു.

പ്രേമവിവാഹങ്ങൾക്ക് പലപ്പോഴും രണ്ട് വീട്ടുകാരുടെയും സമ്മതം കിട്ടുക പ്രയാസമാണ്. ഈ എതിർപ്പിന്റെ നടുവിൽ വിവാഹം കഴിച്ചാൽ കത്തോലിക്കാ സഭയിലെ ദിവ്യമായ മാമ്മോദീസാ, വിവാഹം, വീടുവെഞ്ചരിപ്പ് തുടങ്ങിയ സന്ദർഭങ്ങളിൽ ഓരാൾ ഒറ്റപ്പെടുന്നു. പ്രധാന സന്ദർഭങ്ങളിലെ ബന്ധുക്കാരുടെ അസാന്നിദ്ധ്യം ഏറെ ശ്രദ്ധിക്കപ്പെടും. ഇടാത്ത പട്ടും , വയ്ക്കാത്ത റീത്തും, കിട്ടാത്ത സമ്മാനവും കിടപ്പറയിലെ വഴക്കിന് കാരണമാകുന്നു. പ്രേമവിവാഹത്തെ സമൂഹം പ്രോത്സാഹിപ്പിച്ച് കണ്ടിട്ടില്ല. ചിലർ രാഷ്ട്രീയ പ്രേരിതമായി അങ്ങനെ ചെയ്തിട്ടുണ്ടാകാം. സഹായിച്ചിട്ടുമുണ്ടാകാം. ഒരു ആത്മീയ കാഴ്ചപാടിലാണ് ഞാൻ ഇത് എഴുതുന്നത്. ഒരു വലിയ സമൂഹത്തിന്റെ എതിർപ്പ് നിങ്ങൾക്ക് ഉണ്ടാകും . നിങ്ങളുടെ ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ സമൂഹം മുന്നോട്ട് വരില്ല. വീട്ടുകാരും ഉണ്ടാകില്ല. മതപരമായ സപ്പോർട്ടും കിട്ടുക പ്രയാസം.

## അവൾ അങ്ങ് ചാടി, ഞാൻ ഇങ്ങ് പോന്നു

ഭ്രാന്ത് പിടിച്ചിട്ട് തെരുവിൽ അലയുന്ന ഒരു ചെറുപ്പക്കാരൻ. കീറിയ വസ്ത്രങ്ങൾ, കുളിച്ചിട്ട് മാസങ്ങളായി. ജഡപിടിച്ച് ചെമ്പിച്ച മുടി, താടി രോമം വളർന്ന് കഴുത്തൊപ്പം എത്തി. മുതുകത്ത് ഒരു ചാക്ക് കെട്ട്, അരയിൽ ഒരു കയർ ഒരു കയ്യിൽ ആരോ വലിച്ചിട്ട് ഇട്ട തീ കെടാത്ത സിഗരറ്റ് കുറ്റി. കാണുന്നവരുടെ

ഒക്കെ നേരെ കൈനീട്ടും. അമ്പത് പൈസ കിട്ടിയാലും കിട്ടിയില്ലെങ്കിലും പരിഭവം ഇല്ല. ശ്രദ്ധിച്ചാൽ ഇടയ്ക്കിടയ്ക്ക് ഇങ്ങനെ പുലമ്പുന്നത് കേൾക്കാം അവൾ അങ്ങ് ചാടി, ഞാനിങ്ങ് പോന്നു.

പശ്ചാത്തലം ഇതാണ് എന്ന് പറയപ്പെടുന്നു. രണ്ട് യുവമിഥുനങ്ങൾ പ്രണയ ബദ്ധരായി. രഹസ്യമായി സ്നേഹിച്ചും എല്ലാം പങ്കുവച്ചും മാസങ്ങൾ കഴിച്ചു. അങ്ങനെ ഇരിക്കെ പെൺകുട്ടി ഗർഭിണിയായി. വീട്ടുകാരറിഞ്ഞു. വിവാഹം നടത്തണം എന്ന് പറഞ്ഞ് പെൺവീട്ടുകാർ വന്നു. എന്നാൽ പയ്യന്റെ വീട്ടുകാർ എതിർത്തു. അവസാനം കമിതാക്കൾ പോംവഴി കണ്ടെത്തി. മരണം, സ്ഥലം ഉറപ്പിച്ചു. ആത്മഹത്യ മുമ്പ് പ്രിയപ്പെട്ടവർക്ക് കത്തുകൾ എഴുതി. തങ്ങളുടെ മരണത്തിൽ ആർക്കും പങ്കില്ലാ എന്ന് കൂടി എഴുതി ചേർക്കാൻ മറന്നില്ല. ഒരിക്കൽകൂടി അവർ പരസ്പരം സന്തോഷവും ദുഖവും പങ്കുവച്ചു. ആത്മഹത്യ ചെയ്യാൻ മുനമ്പിൽ എത്തി. മരണത്തിൽ നമ്മൾ ഒരുമിച്ച്. നീണ്ട ദീർഘനിശ്വാസം. വൺ ടു ത്രീ എന്ന് പറയുമ്പോൾ രണ്ടുപേരും ഒരുമിച്ച് ചാടുന്നു. എല്ലാം റെഡി ആരും കാണില്ല എന്ന് ഉറപ്പുവരുത്തി. അവന് ചാടാൻ പറ്റിയില്ല. ബോധം കെട്ട് കിടന്ന അവനെ തോട്ടം കൊഴിലാളികൾ ആസ്പത്രിയിലാക്കി. ഓർമ്മ വന്നപ്പോൾ മുതൽ അവൻ ഇങ്ങനെ പറയാൻ തുടങ്ങി. അവളങ്ങ് ചാടി ഞാനിങ്ങ് പോന്നു. വീട്ടുകാർ കുറെ ചികിത്സിച്ചു. സാമ്പത്തികം തീർന്നപ്പോൾ അവർ ചികിത്സ നിർത്തി. ഇപ്പോൾ കടതിണ്ണയിലാണ് ഉറക്കം. ആരോ കഴിച്ചിട്ട് വലിച്ചെറിഞ്ഞ ബാക്കി ഭക്ഷണം കഴിച്ച് ജീവിക്കുന്നു.

'യുദ്ധം പോലെയാണ് പ്രേമം .തുടങ്ങാൻ എളുപ്പമാണ്. എന്നാൽ നിറുത്താൻ വളരെ പ്രയാസവും'. എച്ച്.എൽ.മെൻകാർ. ഞാൻ ഇതുവരെ പറഞ്ഞുവന്ന് കാര്യങ്ങൾ ഒന്ന് ക്രോഡീകരിക്കുകയാണ്.

| സ്നേഹം | പ്രേമം |
|---|---|
| അവസാനം വരെ നിലനില്ക്കും | ഇടയ്ക്ക് വച്ച് പിരിയും |
| പ്രത്യാശയിലേക്ക് നയിക്കും | നിരാശയിലേക്ക് നയിക്കും |
| ഭംഗിപോയാലും സ്നേഹം വർദ്ധിക്കും | സൗന്ദര്യം പോകുമ്പോൾ പ്രേമം തീരും |
| വിവാഹശേഷം സ്നേഹം വർദ്ധിക്കും | വിവാഹശേഷം പ്രേമം കുറഞ്ഞുവരും |
| ദയ കാണിക്കും | ക്രൂരത കാണിക്കും |
| എത്ര പ്രശ്നങ്ങൾ വന്നാലും ബന്ധം ഉലയില്ല. | നിസ്സാര പ്രശ്നങ്ങൾ വന്നാൽ ബന്ധം ഉലയും |
| സ്നേഹത്തിൽ ദൈവീക സ്വഭാവം അടങ്ങിയിരിക്കുന്നു | പ്രേമത്തിൽ മൃഗീയ സ്വഭാവം അടങ്ങിയിരിക്കുന്നു |
| ക്ഷമിക്കും | ക്ഷമിക്കില്ല |
| സ്വാതന്ത്ര്യം | അമിതമായ അടിമത്വം |

പ്രേമവിവാഹങ്ങൾ എല്ലാം പരാജയമോ?. ഈ ചോദ്യം ഇപ്പോഴും നിലനിൽകുന്നു. ഞാൻ കണ്ടിട്ടുള്ള പ്രേമവിവാഹങ്ങളിൽ 80% പരാജയമാണ് എന്നു മാത്രമേ എനിക്ക് പറയാൻ കഴിയൂ. കുറച്ച്പേർ വിജയിച്ചിട്ടുണ്ടാവാം. ഞാൻ എതിർക്കുന്നില്ല. പൊതുവെ പരാജയം എന്നല്ലേ ഇതുവരെ ചിത്രങ്ങൾ പഠിപ്പിക്കുന്നത്. കൊട്ടിഘോഷിക്കപ്പെട്ട രാജവിവാഹങ്ങളും, പ്രശസ്തി (സിനിമ, സ്പോർട്സ്) നേടിയ വ്യക്തികളും , പ്രേമത്തിൽ ആടി ഉലഞ്ഞ മന്ത്രിസഭകളും (ജപ്പാൻ) നമ്മുടെ നാട്ടിൽ നടന്ന കൂട്ട ബലാൽസംഗങ്ങളും ഇന്റർനെറ്റിലൂടെ കൈമാറപ്പെട്ട ലൈംഗികചിത്രങ്ങളും യുവജനങ്ങളുടെ ഇടയിൽ പെരുകിയ ആത്മഹത്യയും ഇതല്ലേ നമ്മെ പഠിപ്പിക്കുന്നത്. അടിസ്ഥാന തീരുമാനങ്ങളിൽ തെറ്റ് പറ്റരുത്. ഉടുപ്പ് മാറുന്നതുപോലെ ജീവിത പങ്കാളിയെ മാറാമെന്നോ? ഇത് ക്രൈസ്തവമോ?

ഞങ്ങൾക്ക് പ്രേമിച്ചുകൂടെ?. പ്രേമിക്കാം, അല്ല സ്നേഹിക്കാം. നിങ്ങൾക്ക് വിവാഹപ്രായമായാൽ നിങ്ങളുടെ കൂടെ ജോലിചെയ്യുന്ന പ്രത്യേകസാഹചര്യത്തിൽ പരിചയപ്പെട്ട ഒരു വ്യക്തിയോട് ഇഷ്ടം തോന്നിയാൽ അത് തെറ്റല്ല. ഈ വികാരത്തെ നീ എങ്ങനെ കൈകാര്യം ചെയ്യു എന്നുള്ളതാണ് പ്രശ്നം. ഈ വ്യക്തിയുമായി സാമൂഹ്യമായും, കുടുംബപരമായും, മതപരമായും, സാമ്പത്തികപരമായും ഒക്കെ പൊരുത്തപ്പെട്ടുമെങ്കിൽ ഇക്കാര്യം മാതാപിതാക്കളെ അിറയിക്കുക. കുടുംബങ്ങൾ കുടുംബങ്ങളുമായി

പൊരുത്തപ്പെടണം. ഭാരതസംസ്കാരത്തിൽ വിവാഹം ഒരു വ്യക്തിയോട് മാത്രമല്ല കുടുംബങ്ങളോടു കൂടിയാണ് ബന്ധം ചേരുന്നത്. നിങ്ങളുടെ വിവാഹത്തിൽ അങ്ങനെ ഒരു ആരോഗ്യപരമായ ആലോചന കൂടി ഉണ്ടാകട്ടെ. അത് ബൈബിൾ അധിഷ്ഠിതമാണ്. ഈ ആലോചന ദൈവഹിതമാണെന്ന് തിരിച്ചറിയുക. ഇത്രയും സ്റ്റെപ്പുകൾ മുന്നോട്ട് പോകുന്നതിന് ഇടയിൽ വഴിയിൽ വച്ചുള്ള കണ്ടുമുട്ടലുകളും, പണം ചിലവഴവിക്കലും, ഐസ്ക്രീം പാർലറിലെ രുചിഭേദവും, ബിച്ചിലെയും പാർക്കിലെയും രമിക്കലും ദൈവഹിതമല്ല, അതിനാൽ - ദൈവഭക്തനും കല്പനകൾ പാലിക്കുന്നവനെന്ന് ഉറപ്പുള്ളവനും നിന്റെ സ്വഭാവത്തിന് ഇണങ്ങുന്നവനും നിന്റെ പരാജയത്തിൽ സഹതപിക്കുന്നവനുമായ ഒരുവനോട് എപ്പോഴും ഒട്ടി നിൽക്കുക (പ്രഭാഷകൻ 37:12).

അറേഞ്ച്ഡ് വിവാഹം തകരുന്നില്ലേ?. ഉണ്ട്. ധാരാളമുണ്ട്. ഈ തകർച്ചയെ പ്രേമിക്കുവാനും, തോന്ന്യാസം നടക്കാനുമുള്ള ലൈസൻസായി കാണരുത്. കമ്പോളസംസ്ക്കാരം നിലനിർക്കുന്നിടത്തോളം കാലം, ദൈവത്തിനും വചനത്തിനും കൂദാശകൾക്കും പ്രാധാന്യം കൊടുക്കാത്തിടത്തോളം കാലം, സ്ത്രീയെ ഉപയോഗവസ്തുവായി കാണുന്നിടത്തോളം കാലം കുടുംബം തകരും. തകരാരാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം, വചനം അനുസരിച്ച് കുടുംബത്തെ ചിട്ടപ്പെടുത്തുക. സഭയും, സമൂഹവും, നല്ല പ്രസ്ഥാനങ്ങളും, അതിന് നമ്മെ സഹായിക്കട്ടെ. വിവാഹം എന്ന കൂദാശ സ്വീകരിക്കുന്നതിനുമുമ്പ് നന്നായി ജീവിക്കുന്ന മാതാവിതാക്കളുടെ അനുഗ്രഹം നിങ്ങളുടെ ശിരസ്സിൽ കുടികൊള്ളട്ടെ. അവരുടെ നല്ല മാതൃക നിങ്ങൾക്ക് പ്രചോദനമാകട്ടെ.

ഉണരൂ ദൈവവജനമേ...വിദേശരാജ്യങ്ങളിൽ ഫ്രീ സെക്സ് വ്യാപകമായതോടെ പ്രേമത്തിന്റെ എണ്ണം കുറഞ്ഞു ശാരീരികമായി പ്രായപൂർത്തിയായ കുട്ടികളുടെ മേൽ സഭയ്ക്കും, കുടുംബത്തിനും അധ്യാപകർക്കും ഉണ്ടായിരുന്ന അധികാരം പല രാഷ്ട്രങ്ങളും എടുത്തുകളഞ്ഞു 13-14 വയസ്സോടെ ഒരു മായാലോകത്തിൽ കുട്ടികൾ എത്തി. സ്വന്തം മൊബൈൽ ഫോണിൽ ലൈവായികിട്ടുന്ന രതിരംഗങ്ങൾ ... പരസ്യങ്ങളുടെ സ്വാധീനങ്ങൾ... മതത്തിലേക്കുള്ള രാഷ്ട്രീയത്തിന്റെ ഇടപെടൽ ... ഇതെല്ലാം പാപത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചു.

ധാർമ്മികത നഷ്ടപ്പെട്ട മനുഷ്യൻ വെറും ഉപയോഗവസ്തുവായി മാറി. നമ്മുടെ നാട്ടിലും ഫ്രീ സെക്സ് നടപ്പാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മാതാപിതാക്കളും അദ്ധ്യാപകരും, സന്നദ്ധ സംഘടനകളും , സഭയും ഒക്കെ ഉണർന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പണ്ട് കുട്ടികളെ ശ്രദ്ധിക്കാൻ ഇവരൊക്കെ ഉണ്ടായിരുന്നു. വരും നാളുകളിൽ അത് നഷ്ടപ്പെടാൻ പോവുകയാണ്. ആദ്ധ്യാത്മികമായും, സാന്മാർഗ്ഗികമായും, വ്യക്തിതലത്തിൽ വേരുറച്ച് വളരുന്ന സ്നേഹം ദൃഢതയുള്ളതായിരിക്കും. നൽകാനുള്ള പ്രേരണയാണ് യഥാർഥ സ്നേഹം. സ്വയം നൽകുക.അതിന്റെ പൂർണ്ണത യേശുവിലാണ് നാം കണ്ടെത്തുക. അതിനാൽ യേശുവിൽ കേന്ദ്രീകൃതമായ കുടുംബങ്ങൾ ഉണ്ടാകാൻ വേണ്ടി നമുക്ക് ആശിക്കാം. പ്രാർത്ഥിക്കാം പ്രിയ ദൈവപൈതലേ.... എപ്പോഴും ദൈവഭക്തിയിൽ ഉറച്ച് നിൽക്കുക.തീർച്ചയായും നിനക്കൊരു ഭാവിയുണ്ട് (സുഭാഷിതം. 23:17-18).

സർവ്വം ലിംഗമയം (pan sexualism) എന്ന പാശ്ചാത്യ സിദ്ധാന്തവും പുരാതന പ്യൂരിറ്റൻ യുഗത്തിലെ ലൈഗിക നിഷേധവുമല്ല അത്. ഇതിന് രണ്ടിനും ഇടയിൽ ദൈവവചനം കാണിച്ചുതരുന്ന അതിമനോഹരമായ ഒരു ജീവിത ശൈലി ഉണ്ട്. ഒന്നിലും സന്തോഷം തോന്നുന്നില്ല. എന്നു നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കും മുമ്പ് യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക (സഭാപ്രസംഗകൻ 12:1).

അമ്മപെങ്ങന്മാരെ തിരിച്ചറിയാനാവാത്ത വിധം ലോകം ഇന്ന് അധപതിച്ചിരിക്കുന്നു. ഒരു കാലത്ത് നാം മോശം എന്ന് പറഞ്ഞ ചിത്രങ്ങൾ കുട്ടികളുടെ പുസ്തകച്ചട്ടയിലും വഴിയോരങ്ങളിലും വില്പനചരക്കുകളുമായി മാറി . സ്ത്രീ വെറും വിൽപനചരക്കായി മാറി. ഫാഷന്റെ മറവിൽ നഗ്നതതാ പ്രദർശനവും.. ഇതെല്ലാം സമൂഹത്തിന്റെ ഭാഗമല്ലേ രാത്രി 12 മണി കഴിഞ്ഞിട്ടും ഉറങ്ങാതെ കംമ്പ്യൂട്ടറിന്റെ മുമ്പിൽ ഇരിക്കുന്ന മകന്റെ അടുക്കലേക്ക് അപ്പൻ കടന്നു ചെന്നു. മകൻ ഇന്റർനെറ്റിലൂടെ ബ്ലൂഫിലിം ഡൗൺലോഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഹൃദയം തകർന്ന അപ്പൻ, മകനെ ഇത് തെറ്റല്ലേ എന്ന് ചോദിതച്ചപ്പെൾ അവൻ നൽകിയ മറുപടി ഇതായിരുന്നു. എനിക്ക് പ്രായപൂർത്തിയായി, ഇനി കണ്ടാൽ എന്താ കുഴപ്പം,

പ്രായത്തിൽ വളർന്നാൽ എന്തും കാണാം എന്നൊരവസ്ഥയിലേക്ക് നമ്മുടെ മക്കൾ നീങ്ങാൻ തുടങ്ങി. ദൈവം ഇന്ന് നിന്നെ നോക്കി വേദനിക്കുകയാണ്. നിന്റെ ഐശ്വര്യകാലത്ത് ഞാൻ നിന്നോട് സംസാരിച്ചു. ഞാൻ അനുസരിക്കുകയില്ല എന്നു നീ പറഞ്ഞു. ചെറുപ്പം മുതലേ നീ എന്റെ വാക്കു കേട്ടില്ല (ജറെമിയ 22:21).

എന്താണ് സ്നേഹം?. വിശുദ്ധ പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു. സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല. അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥമന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല, അത് അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലത്തേയും അതിജീവിക്കുന്നു. സകലതും വിശ്വസിക്കുന്നു. സകലതും പ്രത്യാശിക്കുന്നു. സകലത്തേയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല (1 കോറി 13:4-8) ഈ സ്നേഹത്തെ യേശുനാഥൻ ഒറ്റവാക്കിൽ സംഗ്രഹിച്ചു സ്നേഹിതനു വേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ 15:13). സ്നേഹിക്കുക എന്നു പറഞ്ഞാൽ മരിക്കുക എന്നർത്ഥം (ആത്മഹത്യയല്ല) അത് വെറും ശാരീരികമോ വൈകാരികമോ അല്ല, ഹൃദയപരമാണ്. സ്വന്തം ജീവിതത്തിലൂടെ യേശു അത് കാണിച്ചുതന്നു. സ്നേഹത്തിന്റെ വഴിയിൽകൂടി നടക്കാൻ യേശു നിങ്ങളെ സഹായിക്കട്ടെ. യേശു പറഞ്ഞു ഞാനാണ് വഴി (യോഹ 14:16). ഒരു യുവാവ് യേശു ആകുന്ന വഴിയിൽക്കൂടി നടക്കണം. ജീവിതാന്തസ്സിലേക്ക് പ്രവേശിക്കുക, പങ്കാളിടൊത്ത് ജീവിക്കുക, സ്നേഹിക്കു എന്നൊക്കെയുള്ളത് ഒരു വികാരതള്ളലല്ല. അതൊരു തീരുമാനമാണ്. ഒരു പ്രതിജ്ഞയാണ്. ഒരുകൂദാശയാണ്. അടിസ്ഥാന തീരുമാനങ്ങളിൽതെറ്റുപറ്റാതിരിക്കാൻ ശ്രദ്ധിക്കുക. ഒരു യുവാവിന് ഇത് എങ്ങനെ സാധിക്കും. സങ്കീർത്തകൻ അതിന്റെ ഉത്തരംതരുന്നു:

ഒരു യുവാവ് തന്റെമാർഗ്ഗം എങ്ങനെ നിർമ്മലമായി സൂക്ഷിക്കും അങ്ങയുടെ വചനമനുസരിച്ച് വ്യാപരിച്ചുകൊണ്ട് (സങ്കീർ. 119:9). അതിനാൽജീവിതത്തിന് ഒരു ലക്ഷ്യം ഉണ്ടാകട്ടെ. ഇന്നലെയുടെ ചരിത്രത്തിൽ നിന്ന് പാഠം പഠിക്കുക. പലരുടെ ജീവിതങ്ങൾ നോക്കുക. അറിവുള്ളവരോട് ചോദിക്കുക. കൗമാര യൗവ്വന കാലഘട്ടത്തിലെത്തുമ്പോൾ സ്ത്രീപുരുഷ മനശാസ്ത്രം അൽപമെങ്കിലും അറഞ്ഞിരിക്കുക. നല്ല വായന ശീലിക്കുക. ദൈവവചനത്തെ മാർഗ്ഗദീപമാക്കുക. വിവാഹ ഒരുക്ക കോഴ്സുകളിൽ പങ്കെടുക്കുക. അങ്ങനെ ജീവിത വിജയത്തിൽ എത്തുക.